തിരുവനന്തപുരം
ഫെബ്രുവരി 5, 2004

# പത്രക്കുറിപ്പ്

സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് ആരംഭിച്ച കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ പ്രാദേശിക കേന്ദ്രത്തിൽ ഫെബ്രുവരി 23-ാം തിയ്യതി വരെയുള്ള ടോക്കണുകൾ നൽകിക്കഴിഞ്ഞു. തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും ദിവസം 150 എന്ന ക്രമത്തിൽ ഏതാണ്ട് 1600 ഓളം പേർക്ക് ഇപ്രകാരം മുൻകൂർ സമയവും തിയ്യതിയും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

വഴുതക്കാട് സെന്റർ പ്ലാസയിൽ പ്രവർത്തിക്കുന്ന പ്രസ്തുത കൗണ്ടറിലെ തിരക്ക് ഒഴിവാക്കുന്നതിനായി ഫെബ്രുവരി 5-ാം തിയ്യതി വ്യാഴാഴ്ച മുതൽ മുൻകൂർ സമയവും തിയ്യതിയും നിശ്ചയിച്ച് നൽകുന്നതിനുവേണ്ടി മാത്രമായി ഒരു കൗണ്ടർ വഴുതക്കാട് ടാഗോർ സെന്റിനറി ഹാളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫെബ്രുവരി 16 മുതൽ 23 വരെ (*പൊതു ഒഴിവു ദിനമായ 18-ാം* തിയ്യതി *ഒഴികെ*) യുള്ള 5 ദിവസങ്ങളിലേക്ക് ഏകദേശം 750 ഓളം ടോക്കണുകൾ ഒറ്റദിവസം തന്നെ നൽകിക്കഴിഞ്ഞു.

ഫെബ്രുവരി 6-ാം തിയ്യതി വെള്ളിയാഴ്ച മുതൽ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ ഇപ്രകാരം മുൻകൂർ ടോക്കൺ നൽകുന്നതിനുള്ള കൗണ്ടർ ടാഗോർ സെന്റിനറി ഹാളിൽ രാവിലെ 9 മണി മുതൽ 11 മണി വരെ പ്രവർത്തിക്കുന്നതായിരിക്കും. തിങ്കൾ മുതൽ വെള്ളി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ പ്രസ്തുത കൗണ്ടറിൽ നിന്നും അപേക്ഷകർക്ക് മുൻകൂർ ടോക്കൺ വാങ്ങാവുന്നതാണ്

അപേക്ഷാ ഫോറം റൂട്ട്സിന്റെ ഓഫീസിൽ നിന്നോ ടാഗോർ സെന്റിനറി ഹാളിൽ പ്രവർത്തിക്കുന്ന കൗണ്ടറിൽനിന്നോ സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ www.nonresidentkeralite.com, http://education.nic.in എന്നീ സൈറ്റുകളിൽനിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്. 20-25 രൂപയ്ക്ക് അപേക്ഷാ ഫോറങ്ങളും അധിക തുക ഈടാക്കി 50 രൂപയുടെ പോസ്റ്റൽ ഓർഡറുകളും വിൽക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇതിന് റൂട്ട്സിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദമായ പരിശോധനകൾക്കും മറ്റും കൂടുതൽ സമയം ആവശ്യമുള്ളതിനാൽ രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1.30 വരെ 150 പേരുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ ഒരു ദിവസം സാക്ഷ്യപ്പെടുത്തുന്നതിനായി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ അനുബന്ധ ജോലികൾ പൂർത്തിയാക്കുവാൻ ഉച്ച കഴിഞ്ഞുള്ള സമയം വേണ്ടിവരുന്നതിനാലാണ് ന്യൂ ഡെൽഹിയിലെ മാനവശേഷി മന്ത്രാലയത്തിന്റെ പ്രവർത്തന സമയം ഇവിടെയും നിഷ്കർഷിച്ചിരിക്കുന്നത്.

കേരളത്തിൽ തിരുവനന്തപുരത്ത് ആരംഭിച്ച ഈ കൗണ്ടർ ഒരു സ്ഥിരം സംവിധാനമാണ്. ആയതിനാൽ അത്യാവശ്യമുള്ള അപേക്ഷകർ മാത്രം ആദ്യം ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നത് അപേക്ഷകർക്കും കൗണ്ടറിലെ ഉദ്യോഗസ്ഥർക്കും ഒരു പോലെ സഹായകരമായിരിക്കും.

സതീഷ് നമ്പൂതിരിപ്പാട്
*ചീഫ് എക്സിക്യൂട്ടീവ്*